# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 20-11-2013

# കെ എസ് ടി എ സമരസന്ദേശ ജാഥകൾക്ക് ആവേശകരമായ സ്വീകരണങ്ങൾ

കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസം തകർക്കുന്ന നയങ്ങൾക്കും പാഠ്യപദ്ധതി അട്ടിമറിക്കുന്നതിനുമെതിരെ നവംബർ 23 ന് കെ എസ് ടി എ നടത്തുന്ന സെക്രട്ടേറിയേറ്റ് മാർച്ചിന്റെ മുന്നോടിയായുള്ള സമരസന്ദേശ ജാഥകൾക്ക് കോട്ടയം, മലപ്പുറം ജില്ലകളിൽ ആവേശകരമായ സ്വീകരണമാണ് ലഭിച്ചത്.

ജനറൽ സെക്രട്ടറി എം ഷാജഹാൻ നയിക്കുന്ന തെക്കൻമേഖലാ ജാഥ കോട്ടയം ജില്ലയിലെ ജാഥ വൈക്കം, കടുത്തുരുത്തി, കോട്ടയം, പാമ്പാടി, കൊടുങ്ങൂർ എന്നിവിടങ്ങളിലെ സ്വീകരണങ്ങൾക്ക് ശേഷം പൊൻകുന്നത്ത് സമാപിച്ചു. ജാഥാക്യാപ്റ്റന് പുറമെ വൈസ് ക്യാപ്റ്റനായ ഏ കെ ഉണ്ണികൃഷ്ണൻ, മാനേജർ ടി തിലകരാജ്, ഡി വിമല, ടി എസ് എൻ ഇളയത്, കെ ബദറുന്നീസ, വി എൻ വാസവൻ, പി കെ അബ്ദുൾകരീം, ആനന്തക്കുട്ടൻ, അഡ്വ. അനിൽകുമാർ, തുടങ്ങിയവർ സംസാരിച്ചു.

പ്രസിഡന്റ് കെ എൻ സുകുമാരൻ നയിക്കുന്ന വടക്കൻ മേഖലാജഥ മലപ്പുറം ജില്ലയിലെ മഞ്ചേരി, നിലമ്പൂർ, പെരിന്തൽമണ്ണ, മലപ്പുറം, വേങ്ങര, തിരൂർ എന്നിവിടങ്ങളിലെ സ്വീകരണത്തിന് ശേഷം കുറ്റിപ്പുറത്ത് സമാപിച്ചു. ജാഥാ ക്യാപ്റ്റനായ കെ എൻ സുകുമാരൻ, പി ഡി ശ്രീദേവി, പി പരമേശ്വരൻ, സി ഉസ്മാൻ, ടി രാധാകൃഷ്ണൻ, എം കെ ശ്രീധരൻ, പി സത്യൻ, കെ പി രമണൻ തുടങ്ങിയവർ വിവിധയിടങ്ങളിൽ സംസാരിച്ചു.

ഇന്ന് വടക്കൻമേഖലാജാഥ പാലക്കാട് ജില്ലയിലും തെക്കൻമേഖലാജാഥ ഇടുക്കി ജില്ലയിലും പര്യടനം നടത്തും. ഹർത്താൽമൂലം മാറ്റിവെച്ച പത്തനംതിട്ട, വയനാട് ജില്ലകളിലെ ജാഥാ പര്യടനവും ഇന്ന് നടക്കും.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി